## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതന വർദ്ധനവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം 1959/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.06.2017

---

പരാമർശം : 1 . 20.01.2016 തീയതിയിലെ സ.ഉ(സാധാ.)നം. 210/2016/ തസ്വഭവ

2. 26.02.16 തീയതിയിലെ GO(P) No.28/16/Fin

3. 02.02.2017 തീയതിയിലെ സ.ഉ(സാധാ) നം.286/2017/തസ്വഭവ

4. 28/4/17 തീയതിയിലെ GO(P)No.56/17/Fin

5. കേരളാ സ്റ്റേറ്റ് കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം മെസ്സഞ്ചേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ

## ഉത്തരവ്

നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം പരാമർശം ഒന്ന് പ്രകാരം 01.10.2014 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം രണ്ട് പ്രകാരം ദിവസവേതനത്തിൽ ജോലിചെയ്യുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം 01.04.2016 മുതൽ 675/- രൂപയായി ഉയർത്തിയ സാഹചര്യത്തിൽ, ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് പരാമർശം മൂന്ന് പ്രകാരം വേതന വർദ്ധനവ് അനുവദിച്ച് ഉത്തരവായിരുന്നു. ആയതിനാൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയും ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് പ്രസ്തുത വേതന വർദ്ധനവ് ബാധകമാകുന്ന വിധത്തിൽ അനുവദിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം 5 പ്രകാരം കേരളാ സ്റ്റേറ്റ് കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം മെസ്സഞ്ചേഴ്സ് യൂണിയൻ അപേക്ഷിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം 675/- രൂപയായി ഉയർത്തിയിട്ടുള്ള

സാഹചര്യത്തിൽ എല്ലാ നഗരസഭകളിലെയും ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വേതനം പരാമർശം നാല് പ്രകാരം, നഗരസഭയുടെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
3. എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ